**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2759** **06.02.2018 ലെ മറുപടി**

## കണ്ണോത്ത് കുടിവെള്ള പദ്ധതി

| ചോദ്യം<br>**ശ്രീ.മുരളി പെരുനെല്ലി** | മറുപടി<br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
|---|---|
| എ) വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച, മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് കുടിവെള്ള പദ്ധതി നാളിതു വരെയായിട്ടും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. പ്രസ്തുത പദ്ധതി 28.09.2015-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; പദ്ധതിയ്ക്ക് ആകെ വേണ്ടിവരുന്ന ചെലവ് എത്രയാണ്; | ബി) ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി 426.13 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായുള്ള ചാർജ്ജിംഗ്-കമ്മീഷനിങ് പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനായി നിലവിൽ വരൾച്ചാ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി 23 ലക്ഷം രൂപയുടെയും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെയും പണികൾ നടന്നുവരുന്നു. ഇത് പൂർത്തീകരിക്കുന്നതിലേക്കായി അധികമായി 22 ലക്ഷം രൂപ കൂടി വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) മുൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി വരൾച്ചാദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ചെയ്തു എന്നറിയിക്കാമോ;<br>ഡി) വരുന്ന വേനൽക്കാലത്തിന് മുമ്പ് പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | സി & ഡി) ഉണ്ട്. വരൾച്ചാദുരിതാശ്വാസ ഫണ്ടിൽ നിന്നും 23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3 ലക്ഷം രൂപയിൽ ഉൾപ്പെടുന്ന ഇൻറർ കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 20 ലക്ഷം രൂപയുടെ ചാർജിംഗ്, കമ്മീഷനിംഗ് പ്രവൃത്തികൾ, പൊതുടാപ്പുകൾ സ്ഥാപിക്കൽ, ഇൻറർകണക്ഷൻ വർക്കുകൾ എന്നീ പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ